ശ്രീ. ഇ. എം. എസ്. നമ്പൂതിരിപ്പാട്: നടപടിയെടുത്തു; അവസാനം അദ്ദേഹത്തിന്റെ പേരിൽ യാതൊരു കുറവുമില്ലെന്നുകണ്ടു, കേസുനടന്ന കാലത്തെ എല്ലാ ശമ്പളവുംകൊടുക്കുകയുണ്ടായിട്ടുണ്ട്.

ശ്രീ. എം. നാരായണക്കുറുപ്പ്: അങ്ങനെ നിർദ്ദോഷിയാണെന്നു കണ്ടതിനു ശേഷം അദ്ദേഹം ജോലിയിൽ തുടർന്നോ?

ശ്രീ. ഇ. എം. എസ്. നമ്പൂതിരിപ്പാട്: അതു കേസുകഴിഞ്ഞിട്ട്, അദ്ദേഹത്തിന്റെപേരിൽ കുറ്റമൊന്നും ഇല്ലെന്നു ബോദ്ധ്യമായിക്കഴിഞ്ഞതിനു ശേഷം അദ്ദേഹം പരിഞ്ഞു.

ശ്രീ. ആർ. സുഗതൻ: എത്ര കാലത്തേക്കാണ് ഇദ്ദേഹത്തെ നിയമിച്ചതു?

ശ്രീ. ഇ. എം. എസ്. നമ്പൂതിരിപ്പാട്: ആറുമാസത്തേക്കെന്നു ഞാൻ പറഞ്ഞു.

ശ്രീമതി ലീലാദാമോദരമേനോൻ: ശ്രീ. പി. എം. മാത്യുവിനെ വിദേശപര്യടനത്തിനയച്ചതു കൃഷിസംബന്ധിച്ചു പഠനത്തിനാണോ, മറ്റുവല്ലതിനുമായിരുന്നോ?

ശ്രീ. ഇ. എം. എസ്. നമ്പൂതിരിപ്പാട്: കൃഷിയെസംബന്ധിച്ചും, പ്ലാനിംഗ് സംബന്ധിച്ചുമുള്ള ഉപരിപഠനത്തിനായിരുന്നു.

ശ്രീമതി ലീലാദാമോദരമേനോൻ: ശ്രീ. പി. എം. മാത്യുവിനു നൽകാൻ കഴിയുന്നതിനേക്കാൾ കൂടുതൽ സേവനം ഈ ഡിപ്പാർട്ടുമെന്റിൽ ഈ ഉദ്യോഗസ്ഥനിൽനിന്നും പ്രതീക്ഷിക്കുന്നുണ്ടോ?

ശ്രീ. ഇ. എം. എസ്. നമ്പൂതിരിപ്പാട്: ശ്രീ. പി. എം. മാത്യുവിനേക്കാൾ എത്രയോകാലത്തെ പരിചയവും അനുഭവവും അദ്ദേഹത്തിനുണ്ട്.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: മൂവായിരം രൂപയിൽ പെൻഷൻതുക കുറച്ചാണ് ശമ്പളം കൊടുക്കുന്നതെന്നു പറഞ്ഞു. പെൻഷൻതുക എത്രയാണെന്നു പറയാമോ?

ശ്രീ. ഇ. എം. എസ്. നമ്പൂതിരിപ്പാട്: മൂവായിരംരൂപയിൽ കൂടുതൽ വരും.

ശ്രീ. സി. കുഞ്ഞിക്കൃഷ്ണൻനായർ: ഇദ്ദേഹത്തിന്റെ ആസ്ഥാനം മദിരാശി ആയിരിക്കുമെന്നു നിശ്ചയിക്കാൻ കാരണമെന്താണ്?

ശ്രീ. ഇ. എം. എസ്. നമ്പൂതിരിപ്പാട്: മദ്രാസ് ആസ്ഥാനമാക്കി ചെയ്യുവാനുള്ള ജോലിയാണുള്ളതു്.

വ്യവസായശാലകളിലെ പ്രോവിഡൻറ് ഫണ്ട്.

* 1676. [27] ശ്രീ. പി. ആർ. ഫ്രാൻസിസ്: താഴെ കാണുന്ന ചോദ്യങ്ങൾക്കു ശതാശതവും തൊഴിലുംവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്റ്റേറിലെ എത്ര വ്യവസായശാലകൾ പ്രോവിഡൻറ് ഫണ്ട് വ്യവസ്ഥയിൽപ്പെടുത്തിയിട്ടുണ്ട്;

(ബി) എത്ര തൊഴിലാളികൾ ഇതിന്റെ ഫലം അനുഭവിക്കുന്നുണ്ട്;

(സി) നിരവധി വ്യവസായശാലകളിൽ ഇനിയും പ്രോവിഡൻറ് ഫണ്ട് വ്യവസ്ഥ ഏർപ്പെടുത്താനുണ്ടെന്നു ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ആ കുറവു് പരിഹരിക്കാൻ ഉടനെ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഗതാഗതവും തൊഴിലുംവകുപ്പുമന്ത്രി (ശ്രീ. ടി. വി. തോമസ്):

(എ) 350 വ്യവസായശാലകളും.

(ബി) ഫാക്ടറി തൊഴിലാളികളിൽ ഏകദേശം അൻപതിനായിരം പേർ ഇതിന്റെ ഗുണം അനുഭവിക്കുന്നുണ്ട്. ക്രമേണ തോട്ടംതൊഴിലാളികളിൽ ഒരുലക്ഷത്തിൽപരം പേർക്ക് ഇതിന്റെ ഗുണം ലഭിക്കുന്നുണ്ട്.

(സി) ഉണ്ട്.

(ഡി) ഇതുസംബന്ധിച്ചുള്ള അവസാന തീരുമാനം എടുക്കേണ്ടതു കേന്ദ്രഗവണ്മെന്റാണ്.

ശ്രീ. എം. നാരായണക്കുറുപ്പ്: ഇങ്ങനെ ഏർപ്പെടുത്തിയ എത്ര വ്യവസായശാലകളിലെ ഉടമകൾ അവരുടെ വിഹിതം ക്രമമായിട്ട് കൊടുക്കുന്നുണ്ടെന്നും ഗവണ്മെന്റിനു് അറിയാമോ?

ശ്രീ. ടി. വി. തോമസ്: മിക്കവാറും എല്ലാവരും കൊടുക്കുന്നുണ്ട്; എന്തെങ്കിലും ഡിഫാൾട്ടു വന്നാൽ അവരുടെമേൽ വേണ്ട നടപടി സ്വീകരിക്കുന്നുണ്ട്.

ചെത്തുതൊഴിലാളി സമരം.

* 1677. [28] ശ്രീ. ടി. ഒ. ബാവാ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ഗതാഗതവും തൊഴിലുംവകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ:

(എ) ചെത്തുതൊഴിലാളി സഹകരണസംഘത്തിനു് അനുവദിച്ചിരുന്ന കള്ളുഷാപ്പുകൾ കൊടുത്തപ്പോൾ, കള്ളുഷാപ്പുകളിൽ ദീർഘകാലം ജോലിചെയ്തുവന്നിരുന്നവരെ ജോലിക്കു് എടുക്കാതിരുന്നിട്ടുണ്ടോ;

(ബി) അത്തരം തൊഴിലാളികൾ ഒരു സമരം നടത്തുകയുണ്ടായോ;

(സി) കള്ളുഷാപ്പുകൾ പിക്കറ്റുചെയ്ത എത്ര തൊഴിലാളികളെ അറസ്റ്റുചെയ്തു;

(ഡി) പറവൂർ കള്ളുഷാപ്പു തൊഴിലാളിയൂണിയനും മുൻപിലത്തെ കള്ളുഷാപ്പു കൺട്രാക്ടറുമായി ഒരു കരാറുണ്ടാക്കിയിട്ടുണ്ടോ;

(ഇ) ആ കരാറിനെതിരായിട്ടല്ലേ ചെത്തുതൊഴിലാളി സഹകരണസംഘവും ഈ തൊഴിലാളികൾക്കു ജോലികൊടുക്കാതിരുന്നതു്?

ഗതാഗതവും തൊഴിലുംവകുപ്പുമന്ത്രി (ശ്രീ. ടി. വി. തോമസ്):

(എ) കുറച്ചുപേർക്കു കൊടുക്കാതിരുന്നിട്ടുണ്ട്.

(ബി) ഉവ്വു്.

(സി) പിക്കറ്റുചെയ്ത 111 പേരെ പോലീസ് അകറ്റുനീക്കിയ്ക്കൊണ്ടു് പ്രോസിക്യൂട്ടുചെയ്തിട്ടുണ്ട്.

(ഡി) ഉണ്ട്.

(ഇ) ചെത്തുതൊഴിലാളി സംഘടനയും, യൂണിയനുമായി യാതൊരു കരാറും ഉണ്ടായിട്ടില്ല; തൊഴിലാളികൾക്കു ജോലികൊടുക്കാതിരുന്നതു് കരാറിനെതിരായിരുന്നു എന്നു പറയാൻ നിവൃത്തിയില്ല.

ശ്രീ. ടി. ഒ. ബാവാ: കുറച്ചുപേരൊഴികെ ഒഴിച്ചുനിറുത്താൻ കാരണമെന്താണു്?

ശ്രീ. ടി. വി. തോമസ്: ഷാപ്പുകളിൽ കച്ചവടം നടത്തുന്നതിനു് അനുസരിച്ചു് ആവശ്യമുള്ളവരെമാത്രം എടുത്തിട്ടുണ്ട്.